## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4715** **26/06/2019- ൽ മറുപടിയ്ക്ക്**

## പച്ചത്തേങ്ങയുടെ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) പച്ചത്തേങ്ങയുടെ സംഭരണം നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | (എ) ഉണ്ട്. പച്ചത്തേങ്ങ സംഭരണം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കേരഫെഡിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവ മുഖേന കർഷകരിൽ നിന്നും നേരിട്ട് നാളികേരം സംഭരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും സംഘങ്ങൾ കർഷകരുടെ പക്കൽ നിന്നും നാളികേരം സംഭരിക്കുക, നാളികേരത്തിന്റെ വിപണി വില തൊണ്ടു കളഞ്ഞ ഉരുളൻ തേങ്ങയ്ക്ക് കിലോയ്ക്ക് 25.00 രൂപയിൽ താഴെയാകുമ്പോൾ സംഭരണം പുനരാരംഭിക്കണം എന്നായിരുന്നു തീരുമാനം . അതനുസരിച്ച് 2019 ജൂൺ മാസം സംഭരണം തുടങ്ങുന്നതാണ്. തൊണ്ടുകളഞ്ഞ ഉരുളൻ തേങ്ങയ്ക്ക് 27.00 രൂപ സംഭരണ വില ആയി വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) ഈ പദ്ധതി നിർത്തിവയ്ക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുമോ; | (ബി) 2017-2018, 2018-19 വർഷങ്ങളിൽ നാളികേരത്തിന് കർഷകർക്ക് മെച്ചപ്പെട്ട വില ലഭിയ്ക്കുന്ന സാഹചര്യം നിലനിന്നതിനാലാണ് പച്ചത്തേങ്ങ സംഭരണം നിർത്തി വച്ചിരുന്നത്. |
| (സി) പ്രതിസന്ധികൾ നേരിടുന്ന കേരകർഷകന് കൈത്താങ്ങാകുന്ന പച്ചത്തേങ്ങ സംഭരണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) വിപണികളിൽ വില സ്ഥിരത ഉറപ്പാക്കുന്നതിനായി വിപണി വികസന പദ്ധതിയിൽ 2019-20 വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉണ്ടാക്കുന്നതിനായി നിയുക്ത ഏജൻസികൾ വഴി സംഭരണ നടപടികളിലൂടെ വിപണിയിൽ ഇടപെടൽ നടത്തുന്നതിനായാണ് വിലസ്ഥിരതാ ഫണ്ട് വകയിരുത്തിയിട്ടുള്ളത്. |

(ഡി) പച്ചത്തേങ്ങയുടെ സംഭരണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ?

(ഡി) കേരഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക കാർഷിക വിപണന സഹകരണ സംഘങ്ങൾ മുഖേന സ്വാതന്ത്ര്യവും സുതാര്യവുമായ സംവിധാനത്തിലൂടെ പച്ചത്തേങ്ങ സംഭരണ പദ്ധതി പുനരാരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

Sreelatha

**സെക്ഷൻ ഓഫീസർ**